entri

# Current affairs 09 Nov 2025

- **31-ാമത് കൊൽക്കത്ത അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഏഷ്യൻ സിനിമകളുടെ മത്സര വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ (KSFDC) സ്ത്രീശാക്തീകരണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ചലച്ചിത്രം**
  വിക്ടോറിയ
  - ശിവരഞ്ജിനിയാണ് ചിത്രം സംവിധാനം ചെയ്തത്.

---

- **കുടുംബശ്രീ മാതൃകയിൽ ഭിന്നശേഷിക്കാർക്കായി സർക്കാർ രൂപീകരിക്കുന്ന സ്വയം സഹായക സംഘം**
  സുശക്തി
  - നാൽപ്പത് ശതമാനമോ കൂടുതലോ ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കും രക്ഷിതാക്കൾക്കുമാണ് അംഗത്വം.
  - ഭിന്നശേഷി സ്വയംസഹായ സംഘങ്ങളും വ്യക്തികളും നിർമിക്കുന്ന ഉൽപ്പന്നങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി ബ്രാൻഡ് ചെയ്ത് വിപണനസാധ്യത മെച്ചപ്പെടുത്തുക, അംഗങ്ങളിൽ നിക്ഷേപം, സമ്പാദ്യം, മിതവ്യയ വായ്പ തുടങ്ങി എല്ലാവിധ ധനവിനിയോഗ പരിപാടികളും കാര്യക്ഷമമാക്കുക എന്നിവയാണ് സുശക്തി സ്വയം സഹായക സംഘത്തിന്റെ ലക്ഷ്യങ്ങൾ.

---

- **ലോകത്തെ ആദ്യ റോബോട്ടിക് ബ്രയിൻ ട്യൂമർ ശസ്ത്രക്രിയ നടത്തിയ രാജ്യം**
  സൗദി അറേബ്യ

---

- **ചെറുകാട് സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ 48-ാമത് ചെറുകാട് പുരസ്കാരത്തിന് അർഹനായത്**
  ഏഴാച്ചേരി രാമചന്ദ്രൻ

---

- **ഡിജിറ്റൽ സഹകരണം വർധിപ്പിക്കാൻ ഇന്ത്യയും യുകെയും ചേർന്ന് ആരംഭിച്ച പുതിയ പദ്ധതി**
  ഇന്ത്യ യുകെ കണക്റ്റിവിറ്റി ആൻഡ് ഇനവേഷൻ സെന്റർ








ഏഴാച്ചേരി രാമചന്ദ്രൻ



4.8 ★ Download the app now | Learn in Malayalam